## സ്മാർട്ട് കാർഡ് ലഭിക്കുന്നതിനായുള്ള ലോറി രജിസ്ട്രേഷൻ – നിബന്ധനകൾ

1) ഭാരതപ്പുഴ മണൽ കയറ്റുന്നതിന് ലോറികൾക്ക് സ്മാർട്ട് കാർഡുകൾ നിർബന്ധമാക്കുവാൻ തൃശ്ശൂർ ജില്ലാ വിദഗ്ദ്ധ സമിതി യോഗം തീരുമാനിച്ചിട്ടുള്ളതിനാൽ ഇതുവരെയും സ്മാർട്ട് കാർഡുകൾക്കായി രജിസ്റ്റർ ചെയ്യാത്ത ലോറി ഉടമകൾ സ്മാർട്ട് കാർഡുകൾ ലഭിക്കുന്നതിനായി ലോറികൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

2) 8 ടൺ ഭാരം കയറ്റാവുന്ന ലോറികൾ **www.sand.gov.in** എന്ന വെബ് സൈറ്റ് മുഖേനയാണ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

3) 8 ടണ്ണിനേക്കാൾ അധികം ഭാരം കയറ്റാവുന്നതോ, 8 ടണ്ണിൽ താഴെ മാത്രം ഭാരം കയറ്റുന്നതിന് കപ്പാസിറ്റിയുള്ളതോ, തൃശ്ശൂർ ജില്ലക്ക് പുറത്തുള്ളതോ ആയ ലോറികൾ സ്മാർട്ട് കാർഡിനായി രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല.

4) **www.sand.gov.in** എന്ന വെബ് സൈറ്റ് മുഖേന ലോറികൾ രജിസ്റ്റർ ചെയ്തതിന് ശേഷം അപേക്ഷ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ആയതിൽ ഒപ്പ് രേഖപ്പെടുത്തി ആർ.സി.ബുക്ക്, ഇൻഷ്വറൻസ്, ടാക്സ് രശീതി എന്നിവ സഹിതം നിശ്ചിത തീയതി മുതൽ ലോറി ഉടമയുടെ താമസസ്ഥല പരിധിയിലുള്ള താലൂക്ക് ഓഫീസിൽ ഹാജരാക്കേണ്ടതും മേൽപ്പറഞ്ഞ രേഖകളുടെ പകർപ്പ് താലൂക്ക് ഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്.

5) രേഖകൾ പരിശോധിച്ച് ഉറപ്പാക്കിയതിന് ശേഷം ഒരു വാഹനത്തിന് 50/- രൂപ നിരക്കിലുള്ള തുക രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ബന്ധപ്പെട്ട താലൂക്ക് ഓഫീസ് മുഖേന ഈടാക്കുന്നതും ആയതിന് താലൂക്ക് ഓഫീസിൽ നിന്ന് തന്നെ കൈപ്പറ്റ് രശീതി നൽകുന്നതുമാണ്.

6) ലോറി രജിസ്ട്രേഷൻ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആവശ്യമെങ്കിൽ താഴെ പറയുന്ന ടെലഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**0487 - 2360130** (തൃശ്ശൂർ കളക്ടറേറ്റ്, ബി9 – സെക്ഷൻ)

(ഒപ്പ്)
ഡെപ്യൂട്ടി കളക്ടർ (ഡി.എം)
ജില്ലാ കളക്ടർക്കുവേണ്ടി

കളക്ടറേറ്റ്, തൃശ്ശൂർ,
തീയതി: 12-09-2012.

//അംഗീകാരത്തോടെ//

ജൂനിയർ സൂപ്രണ്ട്

2